**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1840** **09-12-2022 - ൽ മറുപടിയ്ക്ക്**

**നെൽ കർഷക ഇൻഷ്വറൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നെൽ കർഷകർക്ക് സബ്സിഡി ലഭിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ കാലാവസ്ഥാധിഷ്ഠിത ഇൻഷ്വറൻസ്, സംസ്ഥാന സർക്കാരിന്റെ വിള ഇൻഷ്വറൻസ് ഇവയിൽ ഏതെങ്കിലും ഒന്ന് മതിയെന്ന ഉത്തരവ് ഇറക്കി കർഷകർക്ക് ആശ്വാസം പകരാൻ നടപടി സ്വീകരിക്കുമോ? | (എ) | നെൽകർഷകർക്ക് സബ്സിഡി ലഭിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ കാലാവസ്ഥാധിഷ്ഠിത ഇൻഷ്വറൻസ് പദ്ധതിയിലോ സംസ്ഥാന സർക്കാരിന്റെ വിള ഇൻഷ്വറൻസ് പദ്ധതിയിലോ ഉൾപ്പെടുത്തണമെന്ന് പൊതുനിർദ്ദേശങ്ങൾ ഒന്നുമില്ല. എന്നാൽ കൃഷി നാശം സംഭവിച്ച് കർഷകർക്ക് നാശനഷ്ടം സംഭവിച്ചാൽ സമാശ്വാസം പകരുന്നതിന് നെൽകൃഷി വികസന പദ്ധതി പ്രകാരം അപേക്ഷിക്കുന്ന കർഷകരെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കുന്ന ഓപ്പറേഷൻ ഡബിൾകോൾ പദ്ധതി പ്രകാരം ഇരുപ്പൂകൃഷിക്ക് ആനുകൂല്യം ലഭിക്കാൻ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളാകണമെന്ന് നിഷ്കർഷിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ